# Mathrubhumi

## 23 August 2018

## After Flood, Rebuild Kerala



മുഖ്യമന്ത്രി പിണറായി വിജയന്റെ നേതൃത്വത്തിൽ ബുധനാഴ്ച തിരുവനന്തപുരത്തുനടന്ന ഉന്നതതലയോഗത്തിൽ കേരളത്തിന്റെ പുനർനിർമാണത്തിനായി ഉയർന്ന അഭിപ്രായങ്ങളും നിർദേശങ്ങളും

# സമഗ്രമാറ്റം

► ദുരന്തശേഷമുള്ള ആവശ്യങ്ങളെന്തെന്ന വിലയിരുത്തൽ (പോസ്റ്റ് ഡിസാസ്റ്റർ നീഡ് അസസ്മെൻറ് -പി.ഡി.എൻ.എ.) ആഗോളതലത്തിൽ സ്വീകരിക്കപ്പെട്ട പ്രൊഫഷണൽ രീതിയാണ്. മൂന്ന് പ്രധാന ഘടകങ്ങളും 12 അനുബന്ധ ഘടകങ്ങളുമാണ് പി.ഡി.എൻ.എ.യിൽ ഉൾപ്പെടുന്നത്. സാമൂഹിക, അടിസ്ഥാന സൗകര്യ, ഉത്പാദന കാര്യങ്ങളാണ് ആദ്യം പറഞ്ഞ മൂന്നെണ്ണം. ആരോഗ്യം, വിദ്യാഭ്യാസം, കൃഷി തുടങ്ങിയവയാണ് അനുബന്ധഘടകങ്ങളിൽ ഉൾപ്പെടുന്നത്.

റവന്യൂനഷ്ടം കണക്കാക്കുന്ന പരമ്പരാഗത രീതിയുമായി താരതമ്യംചെയ്യുമ്പോൾ ഇതാണ് മികച്ച വിലയിരുത്തൽ രീതി. ഒരുമാസംകൊണ്ട് ആവശ്യങ്ങൾ വിലയിരുത്താനുമാവും. വിവിധസർക്കാർ വകുപ്പുകളെ സമന്വയിപ്പിച്ച് അന്താരാഷ്ട്ര വിദഗ്ധരിൽനിന്നുള്ള പരിശീലനം നൽകി ഇതു ചെയ്യാനാവും. പി.ഡി.എൻ.എ.യ്ക്കുശേഷം സഹായദാതാക്കളുടെ സമ്മേളനം നടത്തണം. അങ്ങനെയൊന്നിന് കേന്ദ്രം അനുമതി നൽകിയില്ലെങ്കിൽ, കേരളം സ്വന്തംനിലയ്ക്ക് നടത്തേണ്ടിവന്നേക്കും. നവകേരളപ്പിറവിക്കായി അതുപോലൊരു സമ്മേളനം ഉടൻ വിളിച്ചുചേർക്കാൻ സർക്കാർ ആലോചിക്കുന്നുണ്ട്.

## പുനർനിർമാണ മാതൃകകൾ

നമുക്കുമുന്നിൽ വിവിധമാതൃകകളുണ്ട്. മെച്ചപ്പെട്ടതും സുരക്ഷിതവും ഹരിതവുമായ നയമാണ് സ്വീകരിക്കേണ്ടത്. മുഖ്യമന്ത്രി പറഞ്ഞതുപോലെ, മുമ്പുണ്ടായിരുന്നത് അങ്ങനെത്തന്നെ വീണ്ടും നിർമിക്കുന്നത് നല്ല രീതിയല്ല.

സുനാമിക്കുശേഷം ജപ്പാൻ പണം കണ്ടെത്തിയത് മൂന്നുവർഷം ചരക്കുസേവന നികുതിയിൽ (ജി.എസ്.ടി.) മൂന്നുശതമാനം വർധനവരുത്തിയാണ് (സമാനമായ നയമാണ് നമ്മുടേതും). പ്രാദേശികസർക്കാരുകളോട് ഈ നികുതിപിരിക്കൽ മൂന്നുവർഷത്തിനുള്ളിൽ പൂർത്തിയാക്കണമെന്നും നിർദേശിച്ചു. അങ്ങനെ ചെയ്യുന്ന സർക്കാരുകൾക്ക് ഫണ്ട് അനുവദിക്കും. അല്ലാത്തവയ്ക്ക് മൂന്നുവർഷം പൂർത്തിയായാൽ ഫണ്ടൊന്നും നൽകില്ല.

ചൈന സ്വീകരിച്ചത് മറ്റൊരു രീതിയാണ്. ഏറ്റവും കൂടുതൽ ദുരന്തമുണ്ടായ പ്രവിശ്യയുടെ പുനർനിർമാണം ഏറ്റവും ധനസ്ഥിതിയുള്ള പ്രവിശ്യയെ ഏൽപ്പിച്ചു. ഈ രീതി നമുക്കും സ്വീകരിക്കാവുന്നതാണ്. ഒരു ഗ്രാമത്തിന്റെയോ താലൂക്കിന്റെയോ പുനർനിർമിതി കോർപ്പറേറ്റുകളെ ഏൽപ്പിക്കുന്നതുപോലും ആലോചിക്കാം.

## യുവശക്തി പ്രയോജനപ്പെടുത്താം

നമ്മുടെ യുവ സന്നദ്ധസേവകരെ ഉപയോഗപ്പെടുത്തുന്നകാര്യം ചിന്തിക്കണം. ഉദാഹരണത്തിന് കെട്ടിടങ്ങളുടെ ശക്തിയും അവയിലെ വയറിങ്ങും എങ്ങനെയെന്നു പരിശോധിക്കാനും കേടുപാടുപോക്കാനും നമുക്ക് അടിയന്തരമായി ഒട്ടേറെപ്പേരെ ആവശ്യമുണ്ട്. എൻജിനീയറിങ്, പോളിടെക്നിക് വിദ്യാർഥികളെ പരിശീലിപ്പിച്ച് അതിനായി ഉപയോഗിക്കാം. ഇത് യുവാക്കളിൽ പഠനത്തിനൊപ്പം തൊഴിലും എന്ന സംസ്കാരം വളർത്തും. ഇക്കാര്യവും പരിഗണനയിലുണ്ട്.

## വേണം പുതിയ ഭൂവിനിയോഗ നയം

പുതിയ ഭൂവിനിയോഗനയത്തിന് രൂപംകൊടുക്കുക എന്നതാണ് നമ്മുടെ മുന്നിലുള്ള വെല്ലുവിളി. പശ്ചിമഘട്ടത്തിനു മാത്രമല്ല, ഇടനാടിനും തീരമേഖലയ്ക്കും ഭൂവിനിയോഗനയം വേണം. രാഷ്ട്രീയമായി ഏറെ വെല്ലുവിളി നിറഞ്ഞകാര്യമാണിത്.

വിവരവിതരണത്തിനും ഏകോപനത്തിനും ഒരുവേദിയുണ്ടാകേണ്ടത് അത്യാവശ്യമാണ്. പ്രളയനാളുകളിൽ കൺട്രോൾ റൂമുകളിൽ വിളിച്ചിട്ട് കിട്ടാത്തസ്ഥിതിയുണ്ടായി. ഒരേയാളുകൾ തന്നെ പലയിടത്തേക്കും വിളിച്ചതായിരുന്നു കാരണം. രക്ഷാപ്രവർത്തനത്തെക്കുറിച്ച് അറിവുനൽകാനുള്ള സംവിധാനവും ഉണ്ടാകേണ്ടതുണ്ട്. ദുരന്തങ്ങളെ എങ്ങനെ നേരിടണമെന്ന് ജനത്തെ പഠിപ്പിക്കുന്നത് പ്രയോജനം ചെയ്യും. ഉദാഹരണത്തിന് ജപ്പാനിൽ ഭൂകമ്പ, സുനാമി മുന്നറിയിപ്പുകളുണ്ടാകുമ്പോൾ കുട്ടികൾ സ്കൂളിലാണെങ്കിൽ രക്ഷിതാക്കൾ അവിടേക്ക് ഓടിച്ചെല്ലില്ല. എല്ലാ രക്ഷിതാക്കളും സ്കൂളിലെത്താൻ തിടുക്കം കൂട്ടിയാൽ അത് മറ്റൊരു ദുരന്തത്തിനിടയാക്കാം. ദുരന്തമുണ്ടാകുമ്പോൾ സ്വയം സജ്ജരാകാൻ ജനങ്ങളെ പഠിപ്പിക്കുന്നത് അപകടങ്ങൾ കുറയ്ക്കാൻ സഹായിക്കും. ഇവിടെ ദുരന്തമുണ്ടായപ്പോൾ 80 ശതമാനംപേരെയും രക്ഷിച്ചത് അവരുടെ ബന്ധുക്കളോ അയൽക്കാരോ അന്നാട്ടുകാർ തന്നെയോ ആയിരുന്നു.

## നിയന്ത്രണം നിയമംമൂലം

ഭൂവിനിയോഗം നിയമംമൂലം നിയന്ത്രിക്കുകയെന്നത് പ്രധാനമാണ്. അതിന് ദുരന്തസാധ്യതാ മേഖലകളുടെ ഭൂപടം തയ്യാറാക്കി പൊതുജനത്തിന് ലഭ്യമാക്കണം.

ഈ മേഖലകളിൽ കെട്ടിടമുണ്ടാക്കാൻ അനുമതി നൽകില്ല. ഇവിടങ്ങളിൽ നിർമാണപ്രവർത്തനത്തിന് ബാങ്ക് വായ്പയോ കെട്ടിടങ്ങൾക്ക് ഇൻഷുറൻസോ നൽകില്ല. പരിസ്ഥിതിസൗഹൃദ സാമഗ്രികൾ ഉപയോഗിച്ചുള്ള നിർമാണരീതി സ്വീകരിക്കുന്നത് നമ്മുടെ പരിസ്ഥിതിയെ രക്ഷിക്കുന്നതിന് അത്യാവശ്യമാണ്. ഇതിനുള്ള നടപടി അധികം വൈകാതെയുണ്ടാവും.

പാർപ്പിടപ്രശ്നം അടിയന്തരമായി പരിഹരിക്കാൻ നമുക്കു മുമ്പിൽ മാർഗമുണ്ട്. ആൾത്താമസമില്ലാത്ത ആയിരക്കണക്കിന് ഫ്ലാറ്റുകളും വീടുകളും കേരളത്തിലുണ്ട്. പ്രളയത്തിൽ വീടുനഷ്ടപ്പെട്ടവരെ പാർപ്പിക്കാൻ ഈ വീടുകൾ സർക്കാരിന് വാടകയ്ക്കെടുക്കാം.